**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1244** **18-09-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s.KITCOയെ ആണ് ചുമതലപ്പെട്ട ത്തിയിരുന്നത്. എന്നാൽ, പ്രസ്തുത പദ്ധതിയിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്ത സാഹചര്യത്തിൽ എസ്.പി.വി സ്ഥാനത്തു നിന്നും M/s.KITCOയെ നീക്കം ചെയ്ത് പകരം സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്.എന്നാൽ, പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അല്ലാതെ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റു രേഖകൾ ഒന്നും തന്നെ KITCO നാളിതുവരെ കൈമാറി നൽകിയിട്ടില്ല.<br>ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിൽ നിന്നും ലഭിച്ച റെയിൻ ഫാൾ & ഡിസ്ചാർജ്ജ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഡിസൈൻ നടപടികൾ പുരോഗമിച്ച് വരുകയും എസ്റ്റിമേറ്റും ലാൻഡ് കൺവെർഷന് ആവശ്യമായ രേഖകളും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി വരികയുമാണ്. പ്രസ്തുത പദ്ധതിയിൽ നാച്ചറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിംഗ്, സംപ് & പമ്പ് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ എസ്.പി.വി ആയ കിറ്റ്കോ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ നിരസിച്ചതിനെ തുടർന്ന് ടി പ്രവൃത്തിയുടെ നിലവിലെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ |

| | | | |
|---|---|---|---|
| | | | മുഖേന ഭൂമിയുടെ തരം മാറ്റലിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ